## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 208 — 13.02.2013 -ലെ മറുപടി

**കെ.എസ്.ആർ.ടി.സി. -യിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>" തേറമ്പിൽ രാമകൃഷ്ണൻ :<br>" പി. സി. വിഷ്ണുനാഥ് :<br>" എം. എ. വാഹീദ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. -യിൽ ജി. പി. എസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യിൽ ജി.പി.എസ്/ ജി.പി.ആർ.എസ്. സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്. |
| (ബി) | പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (ബി) | കേന്ദ്രീകൃതമായി ബസ്സുകളെ നിരീക്ഷിക്കുന്നതിനും പ്രസ്തുത ബസ്സുകളുടെ വേഗത, ഇന്ധനത്തിന്റെ ലഭ്യത, യാത്രക്കാരുടെ എണ്ണം. സീറ്റുകളുടെ ലഭ്യത എന്നിവ കൂടാതെ ജീവനക്കാർക്ക് നേരിട്ട് നിർദ്ദേശം നൽകുന്നതിനുള്ള സംവിധാനവും ഉദ്ദേശിക്കുന്നതിലൂടെ കോർപ്പറേഷന് സർവ്വീസ് നടത്തിപ്പിൽ കാര്യക്ഷമതയും, കൃത്യതയും വരുത്തുവാനും യാത്രക്കാർക്ക് കൂടുതൽ നല്ല സേവനം നൽകുവാനും കഴിയും.<br>ബസ്സിനുള്ളിൽ ഘടിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിലൂടെ ബസ് കടന്നു പോകുന്ന സ്ഥലവും ബസ് അടുത്ത സ്റ്റേഷനിൽ എത്തുന്ന സമയവും കൃത്യമായി യാത്രക്കാരന് അറിയുവാൻ കഴിയും. ഡിപ്പോയിൽ സ്ഥാപിക്കുന്ന ഡിസ്പ്ലേ ബോർഡിലൂടെ ബസ്സുകളുടെ |

| | | | |
|---|---|---|---|
| | | | പോക്കുവരവു സംബന്ധിച്ച യഥാർത്ഥ സമയ വിവരം സാറ്റലൈറ്റിന്റെ സഹായത്താൽ ജി.പി.എസ്. ലൂടെ ലഭ്യമാക്കാനും ഇന്റർ നെറ്റ് മുഖേനയും, എസ്.എം.എസ്. മുഖേനയും യാത്രക്കാർക്ക് ബസ്സിന്റെ പോക്കുവരവ് real time ആയി മനസ്സിലാക്കുവാൻ കഴിയും. കൂടാതെ real time റിസർവേഷൻ നടത്തുവാനും കഴിയും. |
| (സി) | ബസ്സുകളുടെയും ഓഫീസുകളുടെയും കാര്യക്ഷമത പ്രസ്തുത സംവിധാനം വഴി എത്രമാത്രം മെച്ചപ്പെടുത്താനാകും എന്നാണ് കരുതുന്നത് ; | (സി) | കണ്ടക്ടറുടെ കൈവശമുള്ള ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുമായി ബന്ധിപ്പിച്ച് ബസ്സിലെ യാത്രക്കാരുടെ എണ്ണം ലഭ്യമാക്കാനും അതിലൂടെ സീറ്റിന്റെ ലഭ്യത അറിയുവാനും കഴിയും ബസ്സിന്റെ വേഗതയും, ഡിപ്പോയിൽ കൂടി കടന്നുപോകുന്ന സമയവും നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കഴിയുന്നതിനാൽ യാത്രക്കാർക്ക് സുരക്ഷിതവും, കൃത്യതയും പാലിക്കുന്ന സേവനം ലഭ്യമാക്കാൻ കഴിയും. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ജി.പി.എസ്/ജി.പി.ആർ.എസ് സംവിധാനം ഏർപ്പെടുത്തുന്നതിലേയ്ക്കായി പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ ശേഷിയുള്ള സ്ഥാപ നങ്ങളുടെ Expression of Interest (EOI) ക്ഷണിച്ചു. 47 സ്ഥാപനങ്ങൾ EOI നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളെ എട്ട് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വ്യവച്ഛേദിച്ച് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. C-DAC - നെയാണ് ജി.പി.എസ്/ജി.പി.ആർ.എസ്. സംവി ധാനം നടപ്പിലാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. തുടർ നടപടികൾ ഉടൻ ത്വരിതഗതിയിൽ പൂർ ത്തീകരിക്കുകയും ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത സംവിധാനം ബസ്സുകളിൽ ഏർപ്പെടുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ